LIBRARY ARCHIVES Kerala Legislative Assembly

ഏകീകൃത തൊഴിൽ നിയമം

216 (917) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത തൊഴിൽ നിയമം നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) ഓരോ സാധനങ്ങളും കയറ്റി ഇറക്കുന്നതിന് സർക്കാർ നിശ്ചയിച്ച കൂലി എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ചുമട്ടുതൊഴിൽ മേഖലയിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നിലവിൽ വന്നിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിലെ ഏകീകൃത കയറ്റിറക്ക് കൂലി അനുബന്ധമായി ചേർക്കുന്നു.

കാഷ്യൂ വർക്കേഴ്സിനുവേണ്ടി ട്രേഡ് യൂണിയൻ നേതാക്കൾ സ്വീകരിച്ച നടപടികൾ

217 ('T' 918) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാഷ്യൂ വർക്കേഴ്സ് സെന്റർ (സി.ഐ.ടി.യു) -ന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ നിരാഹാര സമരത്തിന്റെ ഭാഗമായി ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഒത്തുതീർപ്പു വ്യവസ്ഥകൾ അംഗീകരിച്ച്, നടപ്പിലാക്കി എന്നറിയിക്കാമോ;

---

* ലൈബ്രേറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ നിശ്ചയിച്ച തീയതി കഴിഞ്ഞിട്ടും നാളിതുവരെ ഫാക്ടറികൾ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് നിലപാട് വിശദമാക്കുമോ;

(ഇ) സ്വകാര്യ മുതലാളിമാരുടെ വ്യവസായ സ്ഥാപനങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന തൊഴിൽ നിയമ ലംഘനങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കശുവണ്ടി കോർപ്പറേഷൻ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 4-12-2015-ന് ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വിളിച്ച യോഗത്തിന്റെ പ്രസക്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- ഒരാഴ്ചയ്ക്കുള്ളിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ കശുവണ്ടി വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കും.
- കശുവണ്ടി വികസന കോർപ്പറേഷന്റെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ ഒരു മാസത്തിനകം തുറക്കുന്നതിന് നടപടി സ്വീകരിക്കും.
- സർക്കാർ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് തൊഴിലാളികളുടെ ഇ.എസ്.ഐ., പി.എഫ്, ഗ്രാറ്റുവിറ്റി കുടിശ്ശികകൾ തീർപ്പാക്കും. ഇതിനായി കശുവണ്ടി കോർപ്പറേഷന് എം.ഡി.യേയും ചെയർമാനേയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.
- കോർപ്പറേഷന് സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) കശുവണ്ടി വികസന കോർപ്പറേഷന് ഈ വർഷം അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതമായ 30 കോടി രൂപ 2015 ഓണത്തിനുമുന്പ് തന്നെ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ 2015 സെപ്റ്റംബറിനുശേഷം ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാതിരുന്നതിനാൽ സർക്കാർ വിഷയം പരിശോധിക്കുകയും 2010-ൽ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് 9.7 കോടി രൂപയും 2014 ഡിസംബർ വരെയുള്ള ഇ.പി.എഫ്. ഭാഗികമായി അടയ്ക്കുന്നതിന് 6.6 കോടി രൂപയും ഫാക്ടറികൾ തുറന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിപ്പിക്കാൻവേണ്ടി പ്രവർത്തന മൂലധനമായി 13.7 കോടി രൂപയും അടക്കം ആകെ 30 കോടി രൂപ 2016 ജനുവരിയിൽ അനുവദിച്ച് നൽകി. ആയത് ഉപയോഗിച്ച് ഹാജരികൾ ഇറക്കി പ്രവർത്തിപ്പിക്കാനുള്ള ശ്രമത്തിലാണ് കുടുംബശ്രീ വികസന കോർപ്പറേഷൻ.

(ഇ) സഹകരണ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നിയമലംഘനങ്ങൾ നടക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ച കേസുകളിൽ ജില്ലാ ലേബർ ഓഫീസർമാരോട് അന്വേഷണം നടത്തി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് കാഷ്യൂ സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്.

നൈറ്റ് വാച്ച്മാൻമാരുടെ ഡ്യൂട്ടി സമയം

218 (919) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈറ്റ് വാച്ച്മാൻമാരുടെ ഡ്യൂട്ടി സമയം എത്ര മണി മുതൽ എത്രവരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ സമയം ജോലി ചെയ്യുന്നുണ്ടെങ്കിലും ഇവർക്ക് വാസ്തു ഗ്രേഡ് ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യങ്ങളും മാത്രമേ ലഭ്യമാകുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാനുഷിക പരിഗണന നല്കി, ഇവർക്ക് പ്രത്യേക അലവൻസുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൈകുന്നേരം 5.30 മുതൽ അടുത്ത ദിവസം രാവിലെ 9.30 വരെയാണ് നിർദ്ദിഷ്ട ജോലിസമയമെങ്കിലും ഓഫീസ് അറ്റൻഡന്റുമാർ ഓഫീസിലെത്തി ചുമതലയേൽക്കുന്ന സമയംവരെ പ്രസ്തുത ജീവനക്കാർ സേവനമനുഷ്ഠിക്കേണ്ടതാണ്.

(ബി) നിലവിൽ വാസ്തു ഗ്രേഡ് ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യവുമാണ് നൈറ്റ് വാച്ച്മാൻമാർക്കും നൽകിവരുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly